# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26






## എസ് എൻ ഡി പി എച്ച് എസ് എസ്

## വെൺകുറിഞ്ഞി

# താളുകൾ മറിക്കുമ്പോൾ


- സ്കൂൾ വിവരങ്ങൾ
- ആമുഖം
- ചരിത്രം
- ഭൗതികസൗകര്യങ്ങൾ
- അക്കാദമിക നേട്ടങ്ങൾ
- അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
- അകാദമിക പ്രവർത്തന പദ്ധതി രൂപരേഖകൾ
- ഉപസംഹാരം


ʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊʊ

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : പത്തനംതിട്ട
2. സ്കൂൾ കോഡ് : 38077
3. സ്കൂളിന്റെ പേര് : എസ് എൻ ഡി പി എച്ച് എസ് എസ് വെൺകുറിഞ്ഞി
4. മേൽവിലാസം : വെൺകുറിഞ്ഞി പി ഒ, പത്തനംതിട്ട
5. പിൻകോഡ് : 686510
6. ഫോൺ നമ്പർ : 04828254008
7. ഇ-മെയിൽ അഡ്രസ് : sndphssvenkurinji@gmail.com
8. പഞ്ചായത്ത് : വെച്ചുച്ചിറ
9. വിദ്യഭ്യാസ ജില്ല : പത്തനംതിട്ട
10. സബ്ജില്ല : റാന്നി
11. ക്ലാസുകൾ : 5 മുതൽ 12 വരെ
12. മാനേജ്മെന്റ് : എസ്. എൻ.ഡി.പി.യോഗം കോർപറേറ്റ് മാനേജ്മെന്റ്
13. പാഠഭാഷ : മലയാളം , ഇംഗ്ലീഷ്
14. പ്രധാന അദ്ധ്യാപിക : ബീന റ്റി രാജൻ
15. പ്രിൻസിപ്പൽ : മീന വി എസ്

888888888888888888888888888888888888888888888888

# ആമുഖം

പത്തനംതിട്ട ജില്ലയിൽ എരുമേലിക്ക് അടുത്ത് വെൺകുറിഞ്ഞി എന്ന മലയോര ഗ്രാമത്തിൽ ആളുകളുടെ ആശയും അത്താണിയുമായി എസ്. എൻ.ഡി.പി.യോഗം കോർപറേറ്റ് മാനേജ്മെന്റിന്റെ കിഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂൾ. അനേകായിരങ്ങളെ അക്ഷരവഴിയിലൂടെ നടത്തി ജീവിത വിജയത്തിലേക്ക് കൈപിടിച്ച്നടത്തിയ അറിവിന്റെ ഈ കേദാരം"വിദ്യാധനം സർവ്വധനാൽ പ്രധാനം"എന്ന ആപ്തവാക്യത്തെ അന്വർത്ഥമാക്കുമാറ് അതിന്റെ പ്രവർത്തനം തുടരുന്നു

എസ്.എൻ.ഡി.പി.യോഗമാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. എസ്.എൻ.ഡി.പി.യോഗം ജനറൽ സെക്രട്ടറി ശ്രീ.വെള്ളാപ്പള്ളി നടേശൻ ജനറൽ മാനേജരായും. ശ്രീ.ഇ ജി ബാബു വിദ്യാഭ്യാസ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. ശ്രീമതി. മീന വി എസ് വിദ്യാലയത്തിന്റെ പ്രിൻസിപ്പൽ ആയും ശ്രീമതി. ബീന റ്റി രാജൻ പ്രധാന അദ്ധ്യാപികയായും പ്രവർത്തിക്കുന്നു.

%%%%%%%%%%%%%%%%%%%%

# ചരിത്രം

പതിറ്റാണ്ടുകൾക്കു മുൻപ് കാട്ടുമൃഗങ്ങളെ വിരട്ടിയോടിച്ചും കാടു വെട്ടിത്തെളിച്ചും കുടിയേറ്റം നടത്തിയും വെൺകുറിഞ്ഞിയിലെ സാധാരണക്കാരായ എസ് എൻ ഡി പി ശാഖാ അംഗങ്ങൾ " വിദ്യ കൊണ്ട് പ്രബുദ്ധരാകാനും സംഘടന കൊണ്ട് ശക്തരാകാനും " ലോകജനതയെ ഉപദേശിച്ച മഹാഗുരുവായ ശ്രീ. നാരായണ ഗുരുദേവന്റെ നാമധേയത്തിൽ 1954-ൽ അപ്പർപ്രൈമറി സ്കൂൾ തുടങ്ങി . ശാഖാ പ്രവർത്തകരോടൊപ്പം യൂണിയൻ നേതാക്കളും ചില രാഷ്ട്രീയ നേതാക്കളും അന്ന് സ്കൂൾ സ്ഥാപിക്കുന്നതിന് വേണ്ടി പ്രയത്നിച്ചു . 1954- ൽ പ്രൈമറി സ്കൂളായി സ്ഥാപിതമായ ഈ സരസ്വതി ക്ഷേത്രം 1957- ൽ ഹൈസ്കൂളായും 1998-ൽ ഹയർ സെക്കന്ററി ആയും വളർച്ചയുടെ പടവുകൾ താണ്ടി തലയുയർത്തി നിൽക്കുകയാണ് . സമീപ കുടിയേറ്റ പ്രദേശങ്ങളായിത്തീർന്ന മുക്കൂട്ടുതറ ,കൊല്ലമുള , ചാത്തൻതറ ,കുറമ്പൻമൂഴി, വെച്ചൂച്ചിറ , എലിവാലിക്കര , മുട്ടപ്പിള്ളി , പാണപിലാവ് , പമ്പാവാലി , തുലാപ്പിള്ളി , ഇടകടത്തി , ഉമ്മിക്കുപ്പ , കനകപ്പലം , എരുമേലി എന്നിവിടങ്ങളിലെ സാധാരണക്കാരായ കുട്ടികൾക്ക് അറിവിന്റെ പൊൻതിരിവെട്ടം നല്കാൻ ഈ വിദ്യാലയമാണ് ഉപകരിച്ചത് .ഈ സ്കൂൾ സ്ഥാപിക്കുന്നതിനായി ചുക്കാൻ പിടിച്ചത് SNDP- വെൺകുറിഞ്ഞി ശാഖയുടെ പ്രസിഡന്റ് ആയിരുന്ന ശ്രീ കെ വി നാണു കളത്തിൽ ആയിരുന്നു . പിന്നീട് ശാഖാ പ്രവർത്തകർ ഈ സ്കൂൾ എസ് എൻ ഡി പി - യോഗത്തിനു കൈമാറി . ഇന്ന് എസ് എൻ ഡി പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പിള്ളി നടേശൻ അവർകൾ ഈ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജവും പിന്തുണയും നൽകി വരുന്നു. ഇവിടെ നിന്ന് വിദ്യ നേടിയ അനേകം പൂർവ വിദ്യർത്ഥികൾ സാംസ്കാരിക ,രാഷ്ട്രീയ , ഔദ്യോഗിക രംഗങ്ങളിൽ ഉന്നത പദവികൾ അലങ്കരിക്കുന്നുണ്ട്. ക്രിയാത്മകമായി പ്രവർത്തിക്കുന്ന PTA-യും പൂർവ വിദ്യാർത്ഥി സംഘടനയും ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ് . പഠന പ്രവർത്തനങ്ങളിൽ കുട്ടികളുടെ കഴിവുകൾ പരമാവധി പ്രകടമാകത്തക്ക വിധത്തിൽ മികച്ച പിന്തുണയുമായി പ്രവർത്തിക്കുന്ന ഒരു കൂട്ടം അധ്യാപകർ ഈ സ്ഥാപനത്തെ ഉയർച്ചയിലേക്കു നയിക്കുന്നു. മലയോര മേഖലയിലെ പഠിതാക്കൾക്ക് താങ്ങും തണലുമായി പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുന്നതിൽ ഈ വിദ്യാലയം വലിയ പങ്കു വഹിച്ചിട്ടുണ്ട്.

# ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 41 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 9 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം 45 കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

എല്ലാത്തരം കുട്ടികളെയും ആകർഷിക്കുന്ന തരത്തിൽ നഗരത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞു ശാന്തമായ അന്തരീക്ഷമാണ് സ്കൂളിനുള്ളത് . 3 ഏക്കർ സ്ഥലത്തു സ്ഥിതിചെയ്യുന്ന വിദ്യാലയത്തിൽ യു പി , ഹൈസ്‌കൂൾ , വിഭാഗങ്ങളിലായി 6- സ്മാർട്ട് ക്‌ളാസ് മുറികൾ ഉൾപ്പെടെ 5 കെട്ടിടങ്ങളിലായി 41 ക്ലാസ്സ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 10 ക്ലാസ് മുറികളുമുണ്ട്. . ഇത് കൂടാതെ രണ്ട് വിഭാഗത്തിന്റെയും ഓഫീസ റൂമുകളും പ്രവർത്തിക്കുന്നു . ആധുനിക രീതിയിലുള്ള IT - വിദ്യാഭ്യാസത്തിനുതകുന്ന പ്രോജെക്ടറുകൾ , ലാപ്ടോപ്പുകൾ ,കമ്പ്യൂട്ടർ ലാബുകൾ ഇവ UP, HS, HSS വിഭാഗങ്ങൾക്ക് പ്രേത്യേകം പ്രത്യേകം ആയിട്ട് ഒരുക്കിയിട്ടുണ്ട് . മൂന്നു ലാബുകളിലുമായി ഏകദേശം 45 കമ്പ്യൂട്ടറുകളുണ്ട് . മൂന്നു ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. വിദ്യാർത്ഥികളെ പരീക്ഷണങ്ങളുടെ ലോകത്തേക്ക് നയിക്കുന്ന സയൻസ് ലാബ് , ഡിജിറ്റൽ ലൈബ്രറി , കൗൺസിലിങ് റൂം സ്പോർട്സ് റൂം എന്നിവയും സ്‌കൂളിന്റെ പ്രത്യേകതകളാണ് . കുട്ടി ശാസ്ത്രജ്ഞന്മാർക്ക് നൂതന സാങ്കേതിക വിദ്യയായ റോബോട്ടിക്സിൽ പരിശീലനം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പ്രകാരം ലഭിച്ച "അടൽ ടിങ്കറിങ് ലാബ് " ഈ സ്‌കൂളിന്റെ എടുത്തു പറയത്തക്ക നേട്ടങ്ങളിൽ ഒന്നാണ് . ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമായ ശുചിമുറികൾ , ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള പാചകപ്പുര , യാത്ര സൗകര്യം ഒരുക്കുന്നതിനായി സ്‌കൂൾ ബസുകൾ എന്നിവയും സ്‌കൂളിന്റെ പ്രത്യേകതയാണ് . വിദ്യാർഥി- വിദ്യാർത്ഥിനികളുടെ മാനസിക ഉന്മേഷത്തിനും ശാരീരിക ക്ഷമതയ്ക്കും പ്രാധാന്യം നൽകുക എന്ന ഉദ്ദേശത്തോടെ പണിതീർത്ത കളിസ്ഥലവും സ്‌കൂളിന് സ്വന്തമായുണ്ട്.

ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്ശ്

## _അക്കാദമിക നേട്ടങ്ങൾ

തുടർച്ചയായി 11 വർഷം SSLC യ്ക്ക് 100 % വിജയം,

*A+നേടുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്.

*പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പരിഹാര പഠനക്ലാസ്സുകൾ

*SSLC പരീക്ഷയോടനുബന്ധിച്ച് ക്ലാസ്സ് സമയത്തിനു ശേഷം നടത്തപ്പെടുന്ന പരിശീലനം

*വിദ്യാർത്ഥികളുടെ ബഹുമുഖ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അടൽ

ടിങ്കറിങ്ങ് ലാബ്, ലിറ്റിൽ കൈറ്റ് ,ജെ ആർ സി തുടങ്ങിയവയുടെ പ്രവർത്തനം

- കുട്ടികളിൽ സാമൂഹ്യ സേവന തത്പരത വളർത്തുന്നതിനുള്ള scout and guide, JRC തുടങ്ങിയ സംരഭങ്ങൾ.
  വിവിധ തരത്തിലുള്ള ക്ലബുകളുടെ മികച്ച പ്രവർത്തനം
- Sports, yoga എന്നിവയിൽ ദേശീയ തലത്തിൽ സ്കൂൾ കൈവരിച്ച നേട്ടം.
- ശാസ്ത്രമേള, പ്രവർത്തിപരിചയമേള, കലോത്സവം തുടങ്ങിയവയിൽ ജില്ലാ സംസ്ഥാന തലങ്ങളിലുള്ള പങ്കാളിത്തം
- ജില്ലാതല കലോത്സവം, ശാസ്ത്രമേള, ഗണിതോത്സവം തുടങ്ങിയവയ്ക്ക് വേദിയാകാൻ സ്കൂളിനു സാധിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ -

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക്
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

# അകാദമിക  പ്രവർത്തന പദ്ധതി

# രൂപരേഖകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഗണിതം HS - UP<br><br>* ഗണിത പഠനം ലളിതവും രസകരവുമാക്കുക.<br><br>* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു<br>* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാവുമെന്ന് കുട്ടികൾ തിരിച്ചറിയുന്നു.<br><br>* സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.<br><br>* ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | * ഐടി കോർണറിന്റെയും ഐടികളുടെയും ഉപയോഗം ഫലപ്രദമാക്കാൻ കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ പരിചയപ്പെടുത്തൽ<br><br>* പസിൽ നിർമ്മാണം, ഗണിതകളി, കടയിൽ നിന്നും സാധനങ്ങൾ വാങ്ങിക്കുമ്പോൾ കണക്കാക്കുന്ന പരിശീലനം<br><br>* ഗണിതഗാനം, കുട്ടിക്കവിതകൾ, ശേഖരണം കണക്കിലെ കളികൾ ശേഖരണം, ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, ചതുരം - സമചതുരം - വൃത്തം - ത്രികോണം, ഗണിത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ<br><br>* സെമിനാർ, ഉപന്യാസരചന, ക്വിസ്, ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു. | June -<br><br>February. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| സയൻസ് HS - UP | | |
| * കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | * ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം<br>* സ്കൂൾ തല സയൻസ് എക്സിബിഷൻ<br>* ശാസ്ത്രമേളകളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു. | |
| * ശാസ്ത്രലാബ് നവീകരണം | * പാഠഭാഗ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സാമഗ്രികളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഭാഗങ്ങളായി പ്രത്യേകം സജ്ജീകരിക്കൽ. | June - February |
| * പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | * പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും പ്രത്യേകം ഗ്രൂപ്പുകളാക്കി പരിശീലനം നൽകൽ | |
| * ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | * ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| Hindi HS - UP<br>ക്ലാസ്സിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കുക<br>* ഹിന്ദിഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമായി മാറാനുള്ള പ്രവർത്തനങ്ങൾ നടത്തുക.<br>ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകുക<br>* അക്ഷരം, ചിഹ്നം, തുടങ്ങിയവ തിരിച്ചറിയുവാനും എഴുതുവാനും വായിക്കാനും പഠിപ്പിക്കുന്നു<br>* കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുക.<br>* പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കു വേണ്ട സഹായങ്ങൾ നൽകുക. | * അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br>* അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു.<br>* ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>* വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>* ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.<br>* പദസൂര്യൻ, കേട്ടെഴുത്ത്, പ്രശ്നോത്തരി, ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ എന്നിവ വായനക്കായി നൽകുന്നു.<br>* കവിത, കഥകൾ പൂരിപ്പിക്കുക.<br>* എല്ലാദിവസവും ഡയറി എഴുതുവാൻ നിർദേശിക്കുന്നു. | June - February |

# വാർഷിക പദ്ധതി വിഷയ അടിസ്ഥാനത്തിൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം HS - UP<br><br>1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ് അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | ഭാഷാകേളി<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം. | മലയാളം അധ്യാപകർ |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും, വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. |
| 3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ച കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. |

# ഉപസംഹാരം

ദേശീയ വിദ്യാഭ്യാസ നയത്തിന്റെയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിലായി പരിശീലനവും അറിവ് വളർത്തുന്നതുമായ പഠന- പാഠ്യ പദ്ധതികൾ ഈ സ്കൂളിൻറെ പ്രവർത്തന രീതിയിൽ ഉൾപ്പെടുത്തുന്നു

മുൻ വർഷത്തെ പഠനത്തിനുവേണ്ടി വിജ്ഞാനപരവുമായ ഡാറ്റകളും മാർഗനിർദേശങ്ങളും വിദ്യാഭ്യാസ നിലവാരത്തിന്റെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും കണക്കിലെടുത്താണ് ഈ പദ്ധതി രൂപീകരിച്ചത് . അക്കാദമിക കലണ്ടർ അനുസരിച്ചുള്ള ഓരോ വിഷയത്തിന്റെയും വാർഷിക പദ്ധതികൾ യൂണിറ്റ് പദ്ധതികൾ വിദ്യാഭ്യാസം നൽകുന്ന പ്രവർത്തനങ്ങൾ ,ക്ലബ്ബ് പ്രവർത്തനങ്ങൾ ,കുട്ടികളുടെ പൗരബോധം വർദ്ധിപ്പിക്കുന്ന പദ്ധതികൾ, യോഗ ക്ലാസുകൾ ,കായിക പരിശീലനങ്ങൾ ,കല പരിശീലനങ്ങൾ വിവിധ സ്കോളർഷിപ്പ് പരിശീലനങ്ങൾ ഇവയെല്ലാം ഞങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു .

മികച്ച പഠനഫലം കൈവരിക്കാൻ ഓരോ അധ്യാപകരുടെയും പങ്ക് വളരെ വലുതാണ് അതിനായി അധ്യാപക പരിശീലനങ്ങൾ ,അതിൽ അധ്യാപകരുടെ പങ്കാളിത്തം, ഇടപെടൽ, രീതികൾ ,എന്നിവയെല്ലാം പ്രധാനമാണ് .വെൺകുറിഞ്ഞിഎസ്എൻഡിപി ഹയർസെക്കൻഡറി സ്കൂളിന്റെ 2025- 26 അധ്യായ വർഷത്തിലെ മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരുടെ മൂല്യബോധം നേതൃത്വശേഷി ,വ്യക്തിത്വം ,മുതലായവ വളർത്തുന്നതിനും ഉദ്ദേശിച്ചാണ് .സ്കൂൾ ഭരണസമിതിയുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം ഉൾക്കൊണ്ട് ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കപ്പെടും. ഭാവിയിലെ ഉത്തരവാദിത്വമുള്ള പൗരന്മാരായ വളരാൻ ഈ സ്കൂളിലെ കുട്ടികൾക്ക് ഈ പദ്ധതി മൂലം സാധിക്കും എന്ന് പ്രതീക്ഷിച്ചുകൊള്ളുന്നു.

**********************************************************************